മുഹമ്മദ് ശമീം

# സാമ്രാജ്യത്വത്തോടുള്ള എതിര്‍പ്പുകള്‍

സാമ്രാജ്യത്വം എന്ന ആശയത്തോടുമാത്രമല്ല സാമ്രാജ്യം എന്ന പദത്തോടുപോലും തീവ്രമായ എതിര്‍പ്പു പുലര്‍ത്തിയിട്ടുള്ളവരാണ് ഇസ്‌ലാമിക പ്രസ്ഥാന ചിന്തകന്മാര്‍. 'ഇസ്‌ലാമിക സാമ്രാജ്യം. എന്ന് ചില ചരിത്രകാരന്മാര്‍ പ്രയോഗിക്കുന്നതിനോട് അവര്‍ കടുത്ത രോഷം പ്രകടിപ്പിക്കുന്നു. കേവലം പാരമ്പര്യ അധികാരവുമായി ബന്ധപ്പെട്ട ഗൃഹാതുരതയോ ഭൂപരമായ സ്വാധീന വൈപുല്യത്തെക്കുറിച്ച സ്വപ്നമോ അല്ല ഇസ്‌ലാമിക പ്രസ്ഥാനത്തെ നയിക്കുന്നതെന്നര്‍ഥം.

**അലക്സ്** ഹാലിയുടെ *മാല്‍കം എക്സിന്റെ ആത്മകഥ* എന്ന ഗ്രന്ഥത്തില്‍ ഒരു സന്ദര്‍ഭമുണ്ട്. കറുത്ത അമേരിക്കക്കാരുടെ വിമോചന നായകരിലൊരാളായ മാല്‍കം എക്സ് ഹജ്ജ് കര്‍മത്തിന് പുറപ്പെട്ട് മക്കയിലെത്തി തന്റെ യാത്രാരേഖകള്‍ പരിശോധനക്ക് വിധേയമാക്കുമ്പോള്‍ നടത്തുന്ന ആത്മഗതം: 'മുസ്‌ലിം ലോകത്തിന്റെ മര്‍മസ്ഥാനത്താണ് ഞാന്‍ നില്‍ക്കുന്നത്. എന്റെ പക്കലുള്ളതോ അമേരിക്കന്‍ പാസ്പോര്‍ട്ട്, ഇസ്‌ലാം എന്തിനൊക്കെ വേണ്ടി നിലകൊള്ളുന്നുവോ അതിന്റെയെല്ലാം നേരെ എതിരിലുള്ള സകലതിന്റെയും പ്രതീകം.'

ഈ ആത്മഗതം സാമ്രാജ്യത്വത്തോടുള്ള ഇസ്‌ലാമിന്റെ സമീപനത്തെ ശരിക്കും അടയാളപ്പെടുത്തുന്നു. ഏതുകാര്യത്തിലും സാമ്രാജ്യത്വത്തിന്റെ നിലപാടുകള്‍ ഇസ്‌ലാമിന്റേതിന് നേര്‍ വിപരീതമാണ്. 'ഇസ്‌ലാം സമഗ്ര മാനുഷിക സാമൂഹിക നീതിയുടെ പരകോടിയായിരുന്നിട്ടുണ്ട്. യൂറോപ്പിന്റെ നാഗരികത ഇന്നോളം അവിടേക്കെത്തിയിട്ടില്ല. ഒരുകാലത്തും എത്തുകയുമില്ല. കാരണം നിശ്ചേതനമായ പദാര്‍ഥത്തിന്റെ നാഗരികതയാണത്. കൊലയുടെയും യുദ്ധത്തിന്റെയും മാത്സര്യത്തിന്റെയും ആധിപത്യത്തിന്റെയും നാഗരികത'(സയ്യിദ് ഖുത്വുബ്/ ഇസ്‌ലാമിലെ സാമൂഹിക നീതി, ചരിത്രവസ്തുതകളിലൂടെ എന്ന അധ്യായം).

വിട്ടുവീഴ്ചയില്ലാത്ത നീതി ഇസ്‌ലാമിന്റെ അടിത്തറകളിലൊന്നാണ്. 'ആകാശത്തെ ഉയര്‍ത്തുകയും തുലാസ് സ്ഥാപിക്കുകയും ചെയ്തു. നിങ്ങളുടെ തൂക്കങ്ങളില്‍ നീതിപാലിക്കുക. തുലാസിന്റെ കാര്യത്തില്‍ അക്രമമരുത്' (അര്‍റഹ്മാന്‍: 7-9). നീതിബോധം മനുഷ്യനെ ശ്രേഷ്ഠനാക്കുന്നു. സമ്പൂര്‍ണവും സമഗ്രവുമായ നൈതികതയാണ് സമൂഹത്തെ സമ്പന്നവും മഹത്തരവുമാക്കുന്നത്. വര്‍ഗ, വംശ, ജാതി, കുടുംബ പരിഗണനകള്‍ക്കപ്പുറമാണ് ഖുര്‍ആന്‍ പ്രസരിപ്പിക്കുന്ന നീതിബോധം (അന്നിസാഅ്: 125). ശത്രുക്കളോടു പെരുമാറുമ്പോള്‍പോലും അനീതി പ്രവര്‍ത്തിക്കരുതെന്ന് ഖുര്‍ആന്‍ പഠിപ്പിക്കുന്നുണ്ട് (അല്‍മാഇദ: 8).

നീതിയുടെ സ്ഥാനത്ത് മുതലാളിത്തം മുന്നോട്ടുവെക്കുന്നത് ലാഭമാണ്. 'ശ്രേഷ്ഠനായ മനുഷ്യന്‍ നീതിയെന്തെന്നറിയുന്നുവെന്നും അധമന്റെ ഭാഷ ലാഭത്തിന്റെ ഭാഷയാണെന്നും' കണ്‍ഫ്യൂചിസ് പറഞ്ഞിട്ടുണ്ട്. നീതിയുടെ ആധാരത്തില്‍ പടുക്കപ്പെട്ട ഇസ്‌ലാം വിമോചനത്തിന്റെ ദര്‍ശനമാണ്. ലാഭം മാത്രം ആധാരമാക്കുന്ന മുതലാളിത്തവും അതിന്മേല്‍ പടുക്കപ്പെട്ട സാമ്രാജ്യത്വവുമാകട്ടെ, അധിനിവേശത്തിന്റെ ദര്‍ശനവും.

വിമോചന പ്രവര്‍ത്തകരുടെയും അധിനിവേശകരുടെയും പ്രവൃത്തികളിലും രീതികളിലുമുള്ള അന്തരം ഖുര്‍ആന്‍ വ്യക്തമാക്കുന്നുണ്ട്. വിമോചനത്തിന്റെയും നീതിയുടെയും മഹത്ത്വം പേറുന്ന പോരാളികള്‍ ഒരു പ്രദേശത്തേക്ക് കടന്നുചെല്ലുന്നത് വിനയാന്വിതരായി ജനങ്ങള്‍ക്ക് സമാധാനമാശംസിച്ചും അവര്‍ക്കു വേണ്ടി പ്രാര്‍ഥിച്ചും ശത്രുക്കള്‍ക്കുപോലും മാപ്പ് പ്രഖ്യാപിച്ചു കൊണ്ടുമാകുന്നു. 'നിങ്ങളോട് നാം ഈ പട്ടണത്തില്‍ പ്രവേശിക്കാന്‍ പറഞ്ഞതോര്‍ക്കുക. നിങ്ങള്‍ക്കിഷ്ടമുള്ള ഏത് കനികളും തിന്നാം. നഗരകവാടത്തില്‍വെച്ച് (ദൈവത്തെ ഓര്‍ത്തുകൊണ്ട്) പ്രണാമം നടത്തുക. ആളുകള്‍ക്ക് പൊതുമാപ്പും സംരക്ഷണവും പ്രഖ്യാപിക്കുക' (അല്‍ബഖറ: 58). എന്നാല്‍ സാമ്രാജ്യത്വ അധിനിവേശകര്‍ ഒരിടത്തേക്കു കടന്നുചെല്ലുന്നത് ദയാ രഹിതമായ വെട്ടിപ്പിടുത്തത്തിനാണ്. 'അവര്‍ക്ക് ഭൂമിയില്‍ ആധിപത്യം ലഭിച്ചാല്‍ അവരവിടെ നാശമുണ്ടാക്കും. വിളവുകളും മനുഷ്യവംശത്തെ തന്നെയും നശിപ്പിക്കുകയും ചെയ്യും' (അല്‍ബഖറ: 205).

ഭൗതികതയും അതുമായി ബന്ധപ്പെട്ട തത്ത്വചിന്തകളും വെട്ടിപ്പിടുത്തത്തിന് ന്യായം ചമക്കുന്നുണ്ട്. പൗരാണിക ഹേതുവാദവും ചാര്‍വാക ദര്‍ശനവും മുതല്‍ ഇക്കാലംവരെയുള്ള കേവല ഭൗതികചിന്തകള്‍ മനുഷ്യന്റെ സ്വാര്‍ഥതയെയും ആസക്തികളെയും കെട്ടഴിച്ചുവിടുന്നു. സോഷ്യല്‍ ഡാര്‍വിനിസം പോലുള്ള അതിജീവന സിദ്ധാന്തങ്ങളും ഇക്കാലത്ത് വെട്ടിപ്പിടുത്തത്തിന് ന്യായമാകുന്നു. മനുഷ്യസ്നേഹത്തിന്റെയും മാനുഷികമൂല്യങ്ങളുടെയും അടിച്ചമര്‍ത്തപ്പെട്ടവരോടുള്ള ഐക്യപ്പെടലിന്റെയും അടിസ്ഥാനത്തിലുള്ളതെങ്കില്‍പ്പോലും, ഭൗതികവാദത്തിലധി

ഷ്ഠിതമായ ഒരു സിദ്ധാന്തവും ആസുര ഭൗതികതയുടെ വളർച്ചയെ തടയാൻ പര്യാപ്തമാവുകയില്ല.

ഇസ്‌ലാമിന്റെ അടിത്തറയായ ദൈവേകത്വത്തെ (തൗഹീദ്) വിമോചനത്തിനും മനുഷ്യ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടത്തിന്റെ ശക്തമായ ആഹ്വാനമായാണ് ഇസ്‌ലാമിക പ്രസ്ഥാന ചിന്തകർ ഉൾക്കൊണ്ടിട്ടുള്ളത്. സയ്യിദ് ഖുത്വുബ് എഴുതുന്നു: 'അല്ലാഹുവല്ലാത്ത ആർക്കുമുള്ള അടിമത്തത്തിൽനിന്ന് മനുഷ്യമനസ്സിനെ വിമോചിപ്പിക്കലാണ് ഇസ്‌ലാമിന്റെ പ്രഥമ കൃത്യം. അല്ലാഹുവല്ലാത്ത മറ്റാർക്കും മനുഷ്യന്റെ മേൽ യാതൊരധികാരവുമില്ല'. അല്ലാഹുവിനുള്ള അടിമത്തത്തെ അംഗീകരിക്കുകയെന്നത് ഓരോ മനുഷ്യന്റെയും മാനസിക സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടതാണ്. എന്നാൽ സകല അധീശ ശക്തികളിൽ നിന്നുമുള്ള വിമോചനം ഇസ്‌ലാം മനുഷ്യർക്കാകമാനം വാഗ്ദാനം ചെയ്യുന്നുണ്ട്.

സാമ്രാജ്യത്വം എന്ന ആശയത്തോടുമാത്രമല്ല സാമ്രാജ്യം എന്ന പദത്തോടുപോലും തീവ്രമായ എതിർപ്പു പുലർത്തിയിട്ടുള്ളവരാണ് ഇസ്‌ലാമിക പ്രസ്ഥാന ചിന്തകന്മാർ. 'ഇസ്‌ലാമിക സാമ്രാജ്യം' എന്ന് ചില ചരിത്രകാരന്മാർ പ്രയോഗിക്കുന്നതിനോട് അവർ കടുത്ത രോഷം പ്രകടിപ്പിക്കുന്നുണ്ട്. കേവലം പാരമ്പര്യ അധികാരവുമായി ബന്ധപ്പെട്ട ഗൃഹാതുരതയോ ഭൂപരമായ സ്വാധീന വൈപുല്യത്തെക്കുറിച്ച സ്വപ്നമോ അല്ല ഇസ്‌ലാമിക പ്രസ്ഥാനത്തെ നയിക്കുന്നതെന്നർഥം. ഡോ. മുഹമ്മദ് ഹുസൈൻ ഹൈക്കൽ 'ഇസ്‌ലാമിക സാമ്രാജ്യം' എന്ന പദപ്രയോഗം നടത്തിയതിനെപ്പറ്റി സയ്യിദ് ഖുത്വുബ് എഴുതുന്നു: ' ഈയടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ 'ഇസ്‌ലാമികലോക'ത്തെപ്പറ്റി ഇസ്‌ലാമിക സാമ്രാജ്യമെന്നും ഇസ്‌ലാം സാമ്രാജ്യത്വപരമാണെന്നുമുള്ള ഡോ. ഹൈകലിന്റെ പരാമർശം ഇസ്‌ലാമിന്റെ ആത്മാവിനെതിരാണ്. ഇസ്‌ലാമിക സാമ്രാജ്യവും സാധാരണ സാമ്രാജ്യത്വവും തമ്മിൽ അന്തരമുണ്ടെന്നു പറഞ്ഞാലും ഈ പ്രയോഗം ന്യായീകരിക്കാവതല്ല. വിവിധ സ്റ്റേറ്റുകളായി രൂപപ്പെട്ടിട്ടുള്ള ഇസ്‌ലാമിക ലോകത്തെ 'സാമ്രാജ്യം' എന്നു വിളിക്കുന്നത് സ്റ്റേറ്റുകളും കേന്ദ്രവും തമ്മിലുള്ള യഥാർഥ ബന്ധത്തെ മനസ്സിലാക്കാത്തതുകൊണ്ടാണ്' (ഇസ്‌ലാമിലെ സാമൂഹികനീതി - ഇസ്‌ലാമിലെ ഭരണവ്യവസ്ഥ എന്ന അധ്യായത്തിൽ).

ഇസ്‌ലാമിന്റെ അടിസ്ഥാനപാഠങ്ങളിലൊന്നായ മനുഷ്യസമത്വത്തെക്കുറിച്ച ആശയങ്ങളും അതിനെ മുതലാളിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും എതിർചേരിയിൽ നിർത്തുന്നു. മനുഷ്യരുടെ പൈതൃകവും പേരും ഒന്നാണെന്നതാണ് ഖുർആന്റെ പാഠങ്ങളിൽ ഏറ്റവും ശക്തമായത്. മനുഷ്യന്റെ ശരീരാസ്തിത്വത്തിനാധാരമായിരിക്കുന്ന പദാർഥഘടകത്തെ മണ്ണ് എന്ന് വിശേഷിപ്പിച്ചുകൊണ്ട് 'മണ്ണിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചു' എന്ന് പ്രഖ്യാപിക്കുമ്പോഴും അവന്റെ ആത്മീയാസ്തിത്വത്തെപ്പറ്റി 'ഒരേ ആത്മരൂപത്തിൽ(നഫ്സുൻ വാഹിദ-*അന്നിസാഅ്*: 1) നിന്ന് സകല മനുഷ്യാത്മാക്കളെ') എന്ന ആശയം മുന്നോട്ടുവെക്കുമ്പോഴും സാമൂഹികമായ സമത്വത്തെയും ആത്മീയമായ ഐക്യത്തെയും കുറിച്ച പാഠങ്ങളാണ് ഖുർആൻ സമർപ്പിക്കുന്നത്. അപരനിൽ തന്നെത്തന്നെ ദർശിക്കാൻ പരിശീലിപ്പിക്കുന്ന മഹത്വമത്ര ഇത്. ഇതിലൂടെ ചൂഷണവും അധിനിവേശവും അസാധ്യമായിത്തീരുന്ന വ്യവസ്ഥിതിയും സംസ്കാരവും സൃഷ്ടിച്ചെടുക്കാനാണ് ഇസ്‌ലാം ആഹ്വാനം ചെയ്യുന്നത്. ചുവന്ന ആദിവാസികളെ വംശഹത്യനടത്തിയും കറുത്തവർഗക്കാരെ അടിമകളാക്കിയും മറ്റു ക്രൂരതകളിലൂടെയും ലോകത്തിനുമേൽ അടിച്ചേൽപ്പിച്ചതാണ് വെള്ളക്കാരന്റെ മേധാവിത്വവും സാമ്രാജ്യത്വവും. അതിനായി വെളുത്തവന്റെ മഹിമ ഉദ്ഘോഷിക്കുന്ന

**ഒരാദർശസമൂഹമെന്ന നിലയിൽ അടിസ്ഥാനതത്ത്വങ്ങളിൽ ഉറച്ച നിലപാടുപുലർത്തുന്നതോടൊപ്പം മാനവികത, സാഹോദര്യം, വിമോചനം തുടങ്ങിയ വിഷയങ്ങളും ഈ അടിസ്ഥാനങ്ങളുടെ തന്നെ ഭാഗമാണെന്നതിനാൽ അകത്തും പുറത്തുമുള്ളവരുടെ വിശാലവേദി രൂപീകരിക്കാൻ ഇസ്‌ലാമിന്ന് കൂടുതൽ പ്രാപ്തിയുണ്ട്. ഇസ്‌ലാം അതിന്റെ പരിധിക്കും ഘടനക്കുമകത്ത് മൗലികതത്ത്വങ്ങളിൽനിന്ന് വ്യതിചലിക്കാത്ത ഭിന്നവ്യാഖ്യാനങ്ങൾക്ക് അംഗീകാരവും ആദരവും നൽകുന്നു. ഒപ്പം ഘടനക്കുപുറത്തുള്ള എല്ലാവിഭാഗത്തിൽപ്പെട്ടവരോടും സന്ധിയും സമാധാനവും പാരസ്പര്യവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.**

സിദ്ധാന്തങ്ങളും ഉണ്ടാക്കി. ഇക്കാരണത്താൽ മനുഷ്യസമത്വത്തെ മുറുകെപ്പിടിക്കുന്ന ഇസ്‌ലാമിന് സാമ്രാജ്യത്വവുമായി യാതൊരു അനുരഞ്ജനവും സാധ്യമല്ല.

ഇസ്‌ലാമിന്റെ നിലപാടുകൾ മുതലാളിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും സമ്പദ്-അധികാര കേന്ദ്രീകരണത്തിനെതിരാണ്. സാമ്പത്തിക കേന്ദ്രീകരണം തടയുന്നതിനാവശ്യമായ നയ നടപടികൾക്ക് ഭരണാധികാരിക്ക് അധികാരം നൽകുകയും അയാളെ അതിന് പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഇങ്ങനെ ധാർമികവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ സകലരംഗങ്ങളിലും പാശ്ചാത്യ നാഗരികതയും സാമ്രാജ്യത്വവും നിൽക്കുന്നതിന്റെ എതിർപക്ഷത്താണ് ഇസ്‌ലാം നിലകൊള്ളുന്നത്. ആധുനിക സാമ്രാജ്യത്വത്തിന്റെ ആധാരമായ മുതലാളിത്തം സാമൂഹിക സദാചാരങ്ങളിലെല്ലാം സൃഷ്ടിക്കുന്ന ആപൽകരമായ മാറ്റങ്ങൾ മനസ്സിലാക്കുന്ന ആരും അതൊരു പ്രകൃതി ക്രമമാണെന്ന വാദത്തെ പിന്താങ്ങുകയില്ല. 'മുതലാളിത്തത്തിന്റെ കൂടപ്പിറപ്പുകളായ സാമ്രാജ്യത്വം, യുദ്ധം, ചൂഷണം തുടങ്ങിയ സാർവലൗകിക ദൂഷ്യങ്ങളെ ഇസ്‌ലാം ഒരിക്കലും വെച്ചുപൊറുപ്പിക്കുകയില്ല'(മുഹമ്മദ് ഖുത്വുബ്: തെറ്റിദ്ധരിക്കപ്പെട്ട മതം).

പലകാരണങ്ങളാൽ ഇസ്‌ലാമിനെ ഈ രീതിയിൽ ഉൾക്കൊള്ളുന്നതിൽ പരമ്പരാഗത മുസ്‌ലിം സമൂഹം പരാജയപ്പെട്ടേടത്താണ് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സമ്പൂർണ സ്വഭാവത്തിൽ അതിനെ പഠിക്കുകയും പ്രബോധനം ചെയ്യുകയും ചെയ്തത്. ഈ രൂപത്തിൽ സാമ്രാജ്യത്വത്തിനും അധിനിവേശത്തിനുമെതിരായ ഉണർവ് സമൂഹത്തിൽ സൃഷ്ടിക്കാനുള്ള പരിശ്രമങ്ങളെ 'രാഷ്ട്രീയ ഇസ്‌ലാം', 'ഇസ്‌ലാമിസം' തുടങ്ങിയ ആക്ഷേപശകാരങ്ങൾകൊണ്ട് അവഹേളിക്കുകയാണ് ചില ബുദ്ധിജീവികൾ. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് വർഗീയതയുടെയും തീവ്രവാദത്തിന്റെയും മുഖം നൽകാനും അധിനിവേശത്തിനെതിരെ ഇസ്‌ലാം നടത്തുന്ന ചെറുത്തുനിൽപ്പിനെ വംശീയ വിഭാഗീയതകളുടെ അടിസ്ഥാനത്തിൽ അവതരിപ്പിച്ച് വികൃതമാക്കാനും ഇവർ ശ്രമിക്കുന്നു.

### മനുഷ്യർക്കുവേണ്ടിയുള്ള സമരം

യഥാർഥത്തിൽ അധിനിവേശത്തിനെതിരായ ഇസ്‌ലാമിക പ്രതിരോധത്തിന് വംശീയമോ സാമുദായികമോ ആയ യാതൊരു മുഖവുമില്ല. സയ്യിദ് ഖുത്വുബ്, മുഹമ്മദ് ഖുത്വുബ് തുടങ്ങിയവർ

**വൈവിധ്യങ്ങളെ തകർക്കുകയെന്നത് യഥാർഥ ഇസ്‌ലാമിക സമൂഹത്തിന് അംഗീകരിക്കാനാവില്ല. എന്നാൽ സാമ്രാജ്യത്വം ലോകമെമ്പാടുമുള്ള ജനതയെ ഒരേ അച്ചിൽ വാർത്തെടുക്കാനും സകലവൈവിധ്യങ്ങളേയും കുഴിച്ചുമൂടാനും ശ്രമിക്കുന്നു. വ്യത്യസ്ത വർണ്ണങ്ങളും വർഗങ്ങളുമായുള്ള മനുഷ്യവൈജാത്യങ്ങളിൽ അതത് വർഗങ്ങൾക്ക് അപകർഷത തോന്നുമാറ് അന്തസ്സ്, സൗന്ദര്യം മുതലായവക്ക് വ്യാജമാതൃകകൾ സൃഷ്ടിക്കുന്നു. ജനിതക ഘടനയുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളെ ഒരേ ഘടനയും പ്രകൃതവുമുള്ള, കുറ്റമറ്റ എന്നവർ പറയുന്ന, മനുഷ്യസമൂഹത്തെ നിർമിക്കാനുപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നു.**

സാമ്രാജ്യത്വത്തോടും മുതലാളിത്തത്തോടുമുള്ള എതിർപ്പുകൾ ഇസ്‌ലാം നിർമിക്കുന്ന വിശാലമാനവികതയുടെ തലത്തിൽനിന്നു കൊണ്ടാണു ഉന്നയിക്കുന്നത്. ഇപ്പോൾ അധിനിവേശ വിരുദ്ധ പോരാട്ടത്തിന് കൂടുതൽ വിശാലമായ വേദി രൂപപ്പെടുത്താൻ മുൻകൈയെടുക്കേണ്ടതിനെപ്പറ്റി ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ചിന്തിക്കുന്നു. ഇസ്‌ലാമിക പ്രസ്ഥാന ചിന്തകനായ പ്രഫ. ഖുർശിദ് അഹ്‌മദ് പറയുന്നു: 'മുതലാളിത്ത സാമ്പത്തിക ക്രമത്തിനു കീഴിൽ വിവിധ രാഷ്ട്രങ്ങളും സമൂഹങ്ങളും അനുഭവിക്കുന്ന യാതനകളും നീതിനിഷേധവും സംസ്കാരങ്ങളുടെയും ജനവിഭാഗങ്ങളുടെയും ബഹുസ്വരതയും വൈവിധ്യവും അംഗീകരിച്ചുകൊണ്ടുള്ള വിശാലവേദിയാണ് കൂടുതൽ ഫലപ്രദമെന്ന നിഗമനത്തിൽ നമ്മെ കൊണ്ടെത്തിക്കുന്നു' (ആഗോള മുതലാളിത്ത വെല്ലുവിളി-ഒരു ഇസ്‌ലാമിക പരിപ്രേക്ഷ്യം എന്ന ലേഖനം).

ഒരാദർശസമൂഹമെന്ന നിലയിൽ അടിസ്ഥാനതത്ത്വങ്ങളിൽ ഉറച്ച നിലപാടുപുലർത്തുന്നതോടൊപ്പം മാനവികത, സാഹോദര്യം, വിമോചനം തുടങ്ങിയ വിഷയങ്ങളും ഈ അടിസ്ഥാനങ്ങളുടെ തന്നെ ഭാഗമാണെന്നതിനാൽ അകത്തും പുറത്തുമുള്ളവരുടെ വിശാലവേദി രൂപീകരിക്കാൻ ഇസ്‌ലാമിന് കൂടുതൽ പ്രാപ്തിയുണ്ട്. ഇസ്‌ലാം അതിന്റെ പരിധിക്കും ഘടനക്കുമകത്ത് മൗലികതത്ത്വങ്ങളിൽനിന്ന് വ്യതിചലിക്കാത്ത ഭിന്നവ്യാഖ്യാനങ്ങൾക്ക് അംഗീകാരവും ആദരവും നൽകുന്നു. ഒപ്പം ഘടനക്കു പുറത്തുള്ള എല്ലാവിഭാഗത്തിൽപ്പെട്ടവരോടും സന്ധിയും സമാധാനവും പാരസ്പര്യവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ദേശീയതയെയും വംശീയതയെയും ശക്തിയായി നിരാകരിക്കുന്ന മാനവിക ദർശനമായി ഇസ്‌ലാമിനെ ഉൾക്കൊള്ളുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സ്വാഭാവികമായും അക്കാരണത്താൽതന്നെയാണ് അധിനിവേശത്തിനെതിരായ വിശാലസഖ്യങ്ങളെപ്പറ്റി സംസാരിക്കുന്നത്. സാമ്രാജ്യത്വത്തോടുള്ള എതിർപ്പിൽ ഇസ്‌ലാമിന്ന് സാമുദായിക പശ്ചാത്തലമോ മുഖമോ ഇല്ല. വിശാലവേദികൾ രൂപപ്പെടുത്താനും സംഘടനയെത്തന്നെ മറ്റു ജനവിഭാഗങ്ങളെക്കൂടി ഉൾക്കൊള്ളുമാറ് വിശാലമാക്കാനും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് സാധിക്കുമെന്നതിന്റെ ഉദാഹരണമാണ് ലബനാനിലെ ചെറുത്തുനിൽപ്പു പ്രസ്ഥാനമായ ഹിസ്ബുല്ല. അമേരിക്കയിലെ രാഷ്ട്രതന്ത്രശാസ്ത്രജ്ഞനായ റോബർട്ട് ആന്റണി പോപ്പ് ചാവേർ സംഘങ്ങളെക്കുറിച്ചുള്ള തന്റെ പഠനമായ Dying to win: the strategic logic of suicide terrorism എന്ന ഗ്രന്ഥത്തിൽ ഹിസ്ബുല്ലയെപ്പറ്റി പറയുന്നുണ്ട്. മുപ്പത്തിയെട്ട് ഹിസ്ബുല്ലാ രക്തസാക്ഷികളുടെ വിവരങ്ങൾ അദ്ദേഹം ശേഖരിച്ചപ്പോൾ അതിൽ എട്ടുപേർ മാത്രമായിരുന്നു 'ഇസ്‌ലാമിക് ഫണ്ടമെന്റലിസ്റ്റുകൾ' ഇരുപത്തേഴുപേർ ലബനീസ് കമ്യൂണിസ്റ്റ് പാർട്ടി, അറബ് സോഷ്യലിസ്റ്റ് യൂനിയൻ തുടങ്ങിയ ഇടതു രാഷ്ട്രീയ ഗ്രൂപ്പുകളിൽപെട്ടവരായിരുന്നു. ഒരു സ്ത്രീ ഉൾപ്പെടെ മൂന്നു ക്രൈസ്തവരും. വിശ്വാസാദർശങ്ങൾക്കും രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾക്കുമപ്പുറം അധിനിവേശ വിരുദ്ധ പോരാട്ടത്തിൽ ഹിസ്ബുല്ല സൃഷ്ടിച്ച വിശാലമായ തലത്തിൽ ഇവർക്കും ഇടം കണ്ടെത്താൻ കഴിഞ്ഞുവെന്നർഥം.

ഷായുടെ അമേരിക്കൻ പാവ സർക്കാറിനെതിരെ ഇറാനിൽ അരങ്ങേറിയ ഇസ്‌ലാമിക വിപ്ലവത്തിൽ പുറമേയുള്ളവരും സജീവ പങ്കുവഹിച്ചിരുന്നു. ശേഷം രൂപപ്പെട്ട ഇറാൻ ഇസ്‌ലാമിക് റിപ്പബ്ലിക് എല്ലാവരേയും ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുന്നതായാണ് കാണുന്നത്. The Christian Science Monitor (2007 ഏപ്രിൽ 27) എന്ന അമേരിക്കൻ പ്രസിദ്ധീകരണത്തിൽ Micheal Theodolou തെഹ്റാനിലെ ജൂതസമൂഹത്തെക്കുറിച്ചെഴുതിയിട്ടുണ്ട്. ഇറാനിൽ പ്രബലമായ ഒരു ജൂത സമൂഹമുണ്ട്. ഇസ്രയേൽ കഴിഞ്ഞാൽ മധ്യപൗരസ്ത്യ ദേശത്തെ ഏറ്റവും വലിയ ജൂതസമൂഹം ഇറാനിലാണ്. ഇവരാകട്ടെ ഇറാൻ ഇസ്‌ലാമിക റിപ്പബ്ലിക്കിനോട് കൂറുപുലർത്തുന്നവരാണ്. ഏറ്റവുമടുത്ത് പ്രസിഡന്റ് മഹ്‌മൂദ് അഹ്‌മദീ നിജാദ് ഇസ്രയേലിനെ ഭൂപടത്തിൽനിന്ന് തുടച്ചുനീക്കുമെന്ന് പ്രഖ്യാപിച്ചതും ഹോളോകാസ്റ്റിനെ നിഷേധിച്ചതുമൊന്നും അവരുടെ മനോഭാവത്തെ മാറ്റിയിട്ടില്ല. എന്തെന്നാൽ ഇറാനിയൻ സമൂഹം എന്ന നിലക്ക് അവർക്കു ലഭിക്കുന്ന പരിഗണന വംശീയ സിയോണിസ്റ്റ് ചിന്തയിൽനിന്ന് അവരെ തടയുന്നു. തെഹ്റാനിൽ ജൂവിഷ് കമ്മിറ്റി ചെയർമാൻ Ciamak Moresadegh പറയുന്നത് സിയോണിസവും യഹൂദമതവും ഒന്നാണെന്നു ചിന്തിക്കുന്നത് താലിബാനും ഇസ്‌ലാമും ഒന്നാണെന്നു ചിന്തിക്കുംപോലെയാണെന്നാണ്. തെഹ്റാനിൽ ഇരുപത്തിമൂന്ന് സിനഗോഗുകളുണ്ടെന്നും ആയിരക്കണക്കിന് ജൂതന്മാർ അവയിൽ പ്രാർഥന നടത്തുന്നുണ്ടെന്നും ദ ക്രിസ്ത്യൻ സയൻസ് മോണിറ്റർ ലേഖനത്തിൽ പറയുന്നു. ഇറാൻ പാർലമെന്റിൽ ജൂതന്മാർക്ക് പ്രത്യേക പ്രാതിനിധ്യമുണ്ട്. ഇസ്‌ലാമിക കോടതികൾ ജൂത വ്യക്തിനിയമങ്ങളെ അംഗീകരിച്ചിട്ടുമുണ്ട്.

ഇറാനിലെ സെൻട്രൽ ജൂവിഷ് കമ്യൂണിറ്റി ചെയർമാൻ Haroon Yashyaei പറയുന്നത് ഇസ്‌ലാമിക വിപ്ലവ നായകൻ ആയത്തുല്ലാ റൂഹുല്ലാ ഖുമൈനി ഒരിക്കലും തങ്ങളെ ഇസ്രയേലും സിയോണിസവുമായി കൂട്ടിക്കുഴച്ചിട്ടില്ലെന്നും തങ്ങളെ ഇറാനികളായി മാത്രമാണ് കണ്ടതെന്നുമാണ്. അതുകൊണ്ടുതന്നെ ഷാ വിരുദ്ധ ഇസ്‌ലാമിക വിപ്ലവത്തിൽ ജൂതന്മാരും പങ്കെടുത്തിട്ടുണ്ട്. പ്രസ്തുത ലേഖനത്തിൽതന്നെ ഇറാൻ പാർലമെന്റ് ജൂത പ്രതിനിധി Maurice Motamde-നെ ഉദ്ധരിച്ചുകൊണ്ട് ഇറാൻ വിപ്ലവത്തിലും ശേഷം എട്ടുവർഷം നീണ്ടുനിന്ന ഇറാൻ-ഇറാഖ് യുദ്ധത്തിലും ഇറാനുവേണ്ടി നിരവധി രക്തസാക്ഷികളെ ജൂതന്മാർ നൽകിയിട്ടുണ്ടെന്നും പറയുന്നു.

അധിനിവേശത്തിനെതിരെ മത ദർശനത്തിന്റെ അടിസ്ഥാനത്തിൽ ശക്തമായ പ്രതിരോധം ഇറാന്റെ പൗരാണിക ചരിത്രം മുതൽ കാണാൻ കഴിയും. ഗ്രീക്ക് അധിനിവേശത്തിനെതിരെ പേർഷ്യൻ സമൂഹത്തിലുണ്ടായ രാഷ്ട്രീയ പ്രതികരണങ്ങളിൽ ഉജ്വലമായ അഞ്ചെണ്ണം സരതുഷ്ട്ര മതം, ജൂതമതം, നെസ്തോറിയ (നസ്രായ)നിസം, മോണോഫിസൈറ്റ്, ഇസ്‌ലാം എന്നിവയായിരുന്നെന്ന് ടോയൻബി ചൂണ്ടികാണിക്കുന്നു. (ഉദ്ധരണം: എം.പി. ബാലഗോപാൽ/വേറാക്കൂറ്-'സെന്ദ് അവസ്ത' എന്ന

**ഏതു തലത്തിലും മനുഷ്യനിൽ ധാർമികരോഷവും നീതിക്രമം സംരക്ഷിക്കാനുള്ള സമരാഭിവാഞ്ഛയും സൃഷ്ടിക്കുകയാണ് ഇസ്‌ലാം. അനീതിയോടും അധർമത്തോടും നിസ്സഹായാവസ്ഥയിൽ മനസ്സുകൊണ്ടെങ്കിലും പ്രതികരിക്കാത്തവന് വിശ്വാസമില്ലെന്നാണ് പ്രവാചകൻ പഠിപ്പിച്ചത്. സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള മനുഷ്യന്റെ അവകാശത്തിനുമേലുള്ള അതിക്രമം ഏറ്റവും വലിയ അധർമമാണ്. നീതി നിമിത്തം ഉപദ്രവിക്കപ്പെടാനത്രേ യേശു തന്റെ അപ്പൊസ്തലന്മാരെ ക്ഷണിച്ചത്. നീതിക്കായി നിലകൊള്ളുക, ദൈവത്തിന് സാക്ഷികളാവുക എന്ന് ഖുർആൻ.**

അനുബന്ധ ലേഖനം). വിമോചന പോരാട്ടങ്ങളുമായി ബന്ധപ്പെട്ട് അതതു കാലങ്ങളിലെ പ്രവാചകദർശനങ്ങളുടെ സ്വാധീനം ഈ ചരിത്രത്തിൽ കാണാം. സരതുഷ്ട്ര പ്രവാചകന്റെ അനുയായിയായ സൈറസിനെ ബൈബിളിലും ദുൽഖർനൈൻ എന്ന പേരിൽ ഖുർആനിലും വിമോചകനായി ആദരിച്ചതും കാണാം. ഒരുപക്ഷേ ഈ ചരിത്ര പാരമ്പര്യത്തിന്റെ തന്നെ തുടർച്ചയാവും ഇറാനിലെ ഇസ്‌ലാമിക വിപ്ലവം.

ആധുനിക ഇറാനുമായി ബന്ധപ്പെട്ടു മാത്രമല്ല, ഇസ്‌ലാമിന്റെ ചരിത്രത്തിൽ ആദ്യം മുതൽക്കുതന്നെ അതിനോടൊപ്പം മറ്റു സമൂഹങ്ങളും പോരാട്ടങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. ബൈസന്റൈൻ സാമ്രാജ്യത്തിന്റെ അധീനത്തിൽനിന്ന് ഖലീഫ ഉമറിന്റെ കാലത്ത് സിറിയയും സമീപ പ്രദേശങ്ങളും അബൂഉബൈദയുടെ നേതൃത്വത്തിലുള്ള സൈന്യം മോചിപ്പിക്കുകയുണ്ടായി. ഇസ്‌ലാമിക സൈന്യം വിജയം വരിച്ചതിനുശേഷം മറ്റു ജനസമൂഹങ്ങളുടെ സംരക്ഷണമേറ്റെടുത്തുകൊണ്ട് ജിസ്‌യയും ഖറാജും സ്വീകരിച്ചെങ്കിലും ജൂർജും പോലുള്ള പ്രാദേശിക സമൂഹങ്ങൾ ഇസ്‌ലാമിക പോരാട്ടത്തിൽ പങ്കുചേരാനുള്ള സന്നദ്ധത അറിയിക്കുകയാണ് ചെയ്തത്. ഹിംസ് പ്രദേശത്തുനിന്ന് ഒരു ഘട്ടത്തിൽ പിൻവാങ്ങേണ്ടിവന്ന ഇസ്‌ലാമിക സൈന്യം പ്രദേശവാസികളുടെ സംരക്ഷണത്തിനായി അതുവരെ സ്വീകരിച്ച ജിസ്‌യയും ഖറാജും തിരിച്ചുകൊടുത്തു. അവിടെയുള്ള ക്രൈസ്തവ സമൂഹം അത് തിരികെ സ്വീകരിക്കാൻ വിസമ്മതിക്കുകയും നിർബന്ധത്തെത്തുടർന്ന് അത് വാങ്ങുമ്പോൾ 'വീണ്ടും നിങ്ങളിവിടെ വന്നുചേരാൻ ദൈവം തുണക്കട്ടെ'യെന്ന് പ്രാർഥിക്കുകയും ചെയ്തു.

മനുഷ്യരിലെ സാംസ്കാരികവും വംശപരവുമായ വൈജാത്യങ്ങളെ ഖുർആൻ അംഗീകരിക്കുന്നുണ്ട്. വംശപരമായ വ്യത്യസ്തതകളാണ് മനുഷ്യൻ തിരിച്ചറിയപ്പെടാൻ സഹായിക്കുന്നത്. 'നിങ്ങളെ നാം ഗോത്രങ്ങളും വംശങ്ങളുമാക്കിയത് പരസ്പരം തിരിച്ചറിയാൻ മാത്രമാകുന്നു' (*അൽ ഹുജറാത്ത്*: 13). സാംസ്കാരിക വൈവിധ്യങ്ങളെയാകട്ടെ, അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തങ്ങളായാണ് ഇസ്‌ലാം കാണുന്നത് (അർറൂം: 22). സാമ്രാജ്യത്വത്തോട് ഇസ്‌ലാമിനുള്ള എതിർപ്പിന്റെ മറ്റൊരടിസ്ഥാനവുമാണിത്. വൈവിധ്യങ്ങളെ തകർക്കുകയെന്നത് യഥാർഥ ഇസ്‌ലാമിക സമൂഹത്തിന് അംഗീകരിക്കാനാവില്ല. എന്നാൽ സാമ്രാജ്യത്വം ലോകമെമ്പാടുമുള്ള ജനതയെ ഒരേ അച്ചിൽ വാർത്തെടുക്കാനും സകലവൈവിധ്യങ്ങളേയും കുഴിച്ചുമൂടാനും ശ്രമിക്കുന്നു. വ്യത്യസ്ത വർണ്ണങ്ങളും വർഗങ്ങളുമായുള്ള മനുഷ്യവൈജാത്യങ്ങളിൽ അതത് വർഗങ്ങൾക്ക് അപകർഷത തോന്നുമാറ് അന്തസ്സ്, സൗന്ദര്യം മുതലായവക്ക് വ്യാജമാതൃകകൾ സൃഷ്ടിക്കുന്നു. ജനിതക ഘടനയുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളെ ഒരേ ഘടനയും പ്രകൃതവുമുള്ള, കുറ്റമറ്റ എന്നവർ പറയുന്ന, മനുഷ്യസമൂഹത്തെ നിർമിക്കാനുപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നു. ഇവിടെ മനുഷ്യന് മനുഷ്യൻ എന്ന നിലയിലുള്ള ഔന്നത്യത്തെ തകർന്നുപോകുന്നു. ഖുർആൻ ഈ ഔന്നത്യത്തെ അംഗീകരിക്കുന്നു. വെളുത്തവനോ കറുത്തവനോ അറബിയോ അനറബിയോ ആകാനല്ല, മറിച്ച് ശരിയായ മനുഷ്യനായിത്തീരാനുള്ള മാർഗദർശനമാണ് അത് നൽകുന്നത്.

വ്യത്യസ്ത ജനതകളുടെ വൈവിധ്യമാർന്ന തനിമകളെ ഉൾക്കൊള്ളാനുള്ള കഴിവ് ഇസ്‌ലാമിനുണ്ട്. ആ അർഥത്തിൽ ഇസ്‌ലാമിനെത്തന്നെ തങ്ങളുടെ തനിമയുടെ ഭാഗമായംഗീകരിക്കുകയും അധിനിവേശ വിരുദ്ധസമരത്തിൽ അതിനെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന ജനതകളുമുണ്ട്. ആഫ്രിക്കയും പടിഞ്ഞാറൻ മൂല്യവ്യവസ്ഥയും തമ്മിലുള്ള ദൂരത്തെ ശക്തമായി ആവിഷ്കരിക്കുന്നു ദക്ഷിണാഫ്രിക്കൻ ചലചിത്രകാരനായ അബ്ദുർ റഹ്മാൻ സിസ്സാക്കോവിന്റെ *വെയ്റ്റിംഗ് ഫോർ ഹാപ്പിനസ്* പോലുള്ള ചിത്രങ്ങളിൽ. ആഗോളീകരണത്തിന്റെ ചിഹ്നവ്യവസ്ഥകളെ ശക്തമായി വിചാരണ ചെയ്യുന്ന അദ്ദേഹത്തിന്റെ ബമാക്കോ എന്ന ചിത്രവും സൂക്ഷ്മ തലത്തിൽ ആഫ്രിക്കൻ ജനതയുടെ സ്വത്വത്തിന്റെ ഭാഗമായി ഇസ്‌ലാമിനെയും അടയാളപ്പെടുത്തുന്നതു കാണാം.

ഏതു തലത്തിലും മനുഷ്യനിൽ ധാർമികരോഷവും നീതിക്രമം സംരക്ഷിക്കാനുള്ള സമരാഭിവാഞ്ഛയും സൃഷ്ടിക്കുകയാണ് ഇസ്‌ലാം. അനീതിയോടും അധർമത്തോടും നിസ്സഹായാവസ്ഥയിൽ മനസ്സുകൊണ്ടെങ്കിലും പ്രതികരിക്കാത്തവന് വിശ്വാസമില്ലെന്നാണ് പ്രവാചകൻ പഠിപ്പിച്ചത്. സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള മനുഷ്യന്റെ അവകാശത്തിനുമേലുള്ള അതിക്രമം ഏറ്റവും വലിയ അധർമമാണ്. നീതി നിമിത്തം ഉപദ്രവിക്കപ്പെടാനത്രെ യേശു തന്റെ അപ്പൊസ്തലന്മാരെ ക്ഷണിച്ചത്. നീതിക്കായി നിലകൊള്ളുക, ദൈവത്തിന് സാക്ഷികളാവുക എന്ന് ഖുർആൻ. മക്കയിൽ മുഹമ്മദ്(സ) ജനിച്ച സമയത്ത് കിസ്റായുടെ കൊട്ടാരത്തിന്റെ തൂണുകൾ കുലുങ്ങിയതായി, ഒരു പക്ഷേ ഒരു കാവ്യഭാവനയെന്ന നിലയിലാണെങ്കിൽപോലും, ഒരു വർത്തമാനമുണ്ട്. സാമ്രാജ്യത്വത്തിന്റെയും അധിനിവേശത്തിന്റെയും തകർച്ചകളുടെ പ്രവചനവും വിളംബരവുമാണത്. ഈ വിളംബരത്തിന്റെ പൂർത്തീകരണത്തിനുള്ള, സകല അധീശവ്യവസ്ഥകളെയും തകർത്ത് ലോകജനതയുടെ സ്വാതന്ത്ര്യവും സമാധാനവും ഉറപ്പുവരുത്തുന്നതിനുള്ള ദൗത്യമാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഏറ്റെടുത്തിരിക്കുന്നത്. ദാനിയേലിന്റെ പുസ്തകത്തിൽ വെളിപ്പെട്ടതുപോലെ, സ്വർണം കൊണ്ടുള്ള തലയും വെള്ളിയാലുള്ള കൈകളും ഓടുകൊണ്ടു നിർമ്മിച്ച ഉടലും ഇരുമ്പുകൊണ്ടുള്ള കാലുകളുമുള്ള, ഗാംഭീര്യവും കരുത്തും തോന്നിക്കുന്ന ഈ സാമ്രാജ്യത്വ പ്രതിമയുടെ പാദങ്ങൾ പക്ഷേ കളിമണ്ണുകൊണ്ടുള്ളതാകുന്നു. അതിനെതിരെ എറിയപ്പെട്ട കല്ലാണ് ഇസ്‌ലാമിന്റെ വിമോചന ദർശനം. കളിമൺ പാദമുള്ള ഈ പ്രതിമ മറിഞ്ഞുവീഴുകതന്നെ ചെയ്യും. അന്ന് ജനങ്ങൾ സ്വാതന്ത്ര്യവും വിമുക്തിയുമാഘോഷിക്കും. സൻആയിൽനിന്ന് ഹദറമൗത്തിലേക്ക് പോകുന്ന കാൽനട യാത്രക്കാരൻ തികച്ചും നിർഭയനായിരിക്കും. അങ്ങനെയൊരു കാലത്തെയാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സ്വപ്നം കാണുന്നത്.

(അവസാനിച്ചു.)